# പതിമൂന്നാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ ***148**

14/06/2013 - ലെ മറുപടിയ്ക്ക്

## കാർഷിക വായ്പയിന്മേൽ മൊറട്ടോറിയം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ആർ. രാജേഷ്<br>ശ്രീ. എം. ചന്ദ്രൻ<br>ശ്രീ. എസ്. ശർമ്മ<br>ശ്രീ. പി. റ്റി. എ. റഹീം | ശ്രീ.കെ.പി.മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| **(എ)** സംസ്ഥാനത്തെ വരൾച്ചാ ബാധിത പ്രദേശമായി പ്രഖ്യാപിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിനോട് അനുബന്ധിച്ച് നടത്തിയിട്ടുള്ള മറ്റ് പ്രഖ്യാപനങ്ങൾ എന്തൊക്കെയാണ്; | **(എ)** ഉണ്ട്.31/12/2012 ലെ ജി.ഒ.(പി)നം.497/2012/ ഡി.എം.ഡി ഉത്തരവ് പ്രകാരം സംസ്ഥാനത്തെ 14 ജില്ലകളേയും വരൾച്ചാ ബാധിതമായി പ്രഖ്യാപിച്ചുകൊണ്ട് വിജ്ഞാപനം ചെയ്തിട്ടുണ്ട്. തുടർന്ന് ഹൗസിംഗ് ബോർഡ്, കോ-ഓപ്പറേറ്റീവ് ഹൗസിംഗ് ഫെഡറേഷൻ, ബാക്ക്‌വേഡ് ക്ലാസസ്സ് ഡെവലപ്മെന്റ് കോർപ്പറേഷൻ, വെജിറ്റബിൾ & ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽപോലുള്ള സംസ്ഥാന സർക്കാർ ഏജൻസികൾ സഹകരണ ബാങ്കുകൾ എന്നിവ കേരള സംസ്ഥാനത്ത് അനുവദിച്ചിട്ടുള്ള കാർഷിക വായ്പകളിൻമേൽ ഉള്ള റവന്യൂ റിക്കവറി നടപടികൾക്ക് ഒരു വർഷത്തേക്ക് മൊറട്ടോറിയം പ്രഖ്യാപിച്ചിട്ടുണ്ട്. |
| **(ബി)** വരൾച്ച കണക്കിലെടുത്ത് കർഷകർ വിവിധ ബാങ്കുകളിൽ നിന്നും എടുത്തിട്ടുള്ള കാർഷിക വായ്പകളിന്മേൽ മൊറട്ടോറിയം ഏർപ്പെടുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതു സംബന്ധിച്ച ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ; | **(ബി)** വരൾച്ച കണക്കിലെടുത്ത് കർഷകർ വിവിധ ബാങ്കുകളിൽ നിന്നും എടുത്തിട്ടുള്ള കാർഷിക വായ്പകൾക്ക് റിസർവ്വ് ബാങ്ക് മാനദണ്ഡങ്ങൾക്ക് വിധേയമായി ഒരു വർഷത്തെ മൊറട്ടോറിയം ഏർപ്പെടുത്തിക്കൊണ്ട് 05/02/2013 - ലെ സംസ്ഥാനതല ബാങ്കേഴ്സ് സമിതി യോഗത്തിൽ തീരുമാനമായിട്ടുണ്ട്. 31/12/2012 - ന് മുൻപ് കുടിശ്ശികയായിട്ടുള്ള കാർഷിക വായ്പകൾക്ക് ഇത് ബാധകമല്ല. സഹകരണ ബാങ്കുകളിൽ / സംഘങ്ങളിൽ നിന്നെടുത്തിട്ടുള്ള കാർഷിക വായ്പകൾക്ക് മൊറട്ടോറിയം ഏർപ്പെടുത്തിയിട്ടില്ല. എന്നാൽ 15/02/2013 ലെ സ.ഉ.(എം.എസ്.) നം.57/2013/റവ |

ഉത്തരവ് പ്രകാരം സംസ്ഥാന സർക്കാർ ഏജൻസികൾ, സഹകരണ ബാങ്കുകൾ എന്നിവ അനുവദിച്ചിട്ടുള്ള കാർഷിക വായ്പകളിൻമേലുള്ള റവന്യൂ റിക്കവറി നടപടികൾക്ക് ഒരു വർഷത്തേയ്ക്ക് മൊറട്ടോറിയം പ്രഖ്യാപിച്ചിട്ടുണ്ട്. പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.

**(സി)** സർക്കാർ പ്രഖ്യാപനമുണ്ടായിട്ടും സഹകരണ ബാങ്കുകൾ ജപ്തി ഉൾപ്പെടെയുള്ള നടപടികളുമായി കർഷകരെ ബുദ്ധിമുട്ടിക്കുന്നതായ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

**(ഡി)** പ്രസ്തുത സാഹചര്യത്തിൽ വായ്പാ മൊറട്ടോറിയം നടപ്പിലാക്കാൻ ബാങ്കുകൾക്ക് കർശന നിർദ്ദേശം നൽകുവാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ?

**(സി) & (ഡി)** വരൾച്ച മൂലമുണ്ടായ കൃഷി നാശങ്ങൾക്ക് റിസർവ്വ് ബാങ്ക് നിയമങ്ങൾക്ക് വിധേയമായി ലഭിക്കാവുന്ന എല്ലാ ആനുകൂല്യങ്ങളും വായ്പ എടുത്ത കർഷകർക്ക് നൽകണമെന്ന് സംസ്ഥാനതല ബാങ്കേഴ്സ് സമിതി ബാങ്കുകൾക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

# കേരള സർക്കാർ

## സംഗ്രഹം

റവന്യൂ വകുപ്പ് - റവന്യൂ റിക്കവറി - സംസ്ഥാനത്തെ കാർഷിക കടങ്ങളുമായി ബന്ധപ്പെട്ട റവന്യൂ റിക്കവറി നടപടികൾക്ക് ഒരു വർഷത്തെ മൊറട്ടോറിയം പ്രഖ്യാപിച്ച് കൊണ്ട് ഉത്തരവ് – പുറപ്പെടുവിക്കുന്നു.

റവന്യൂ (എച്ച്) വകുപ്പ്

സ.ഉ. (എം.എസ്) നമ്പർ. 57/13 /റവ. തിരുവനന്തപുരം, തീയതി: 15 -02-2013.

## ഉത്തരവ്

ഹൗസിംഗ് ബോർഡ്, കോ-ഓപ്പറേറ്റീവ് ഹൗസിംഗ് ഫെഡറേഷൻ, ബാക്ക്‌വേഡ് ക്ലാസ്സ് ഡവലപ്പ്മെന്റ് കോർപ്പറേഷൻ, വെജിറ്റബിൾ & ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ പോലുള്ള സംസ്ഥാന സർക്കാർ ഏജൻസികൾ, സഹകരണബാങ്കുകൾ എന്നിവ കേരള സംസ്ഥാനത്ത് അനുവദിച്ചിട്ടുള്ള കാർഷിക വായ്പകളിൻമേൽ ഉള്ള റവന്യൂ റിക്കവറി നടപടികൾക്ക് ഒരു വർഷത്തേക്ക് മൊറട്ടോറിയം പ്രഖ്യാപിച്ചുകൊണ്ട്, ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

ജി.കമലവർധന റാവു

സെക്രട്ടറി

1) ലാൻറ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം.
2) എല്ലാ ജില്ലാ കളക്ടർമാർക്കും
3) അക്കൗണ്ടൻറ് ജനറൽ (എ & ഇ/ ഓഡിറ്റ്), തിരുവനന്തപുരം.
4) രജിസ്ട്രാർ, കേരളഹൈക്കോടതി } (ആമുഖ കത്തു സഹിതം)
5) സെക്രട്ടറി, കേരളനിയമസഭ
6) പൊതുഭരണ (എസ്.സി) വകുപ്പ് (ഇനം പ്രകാരം)
7) വിവര പൊതുജനസമ്പർക്ക വകുപ്പ്
8) ഡയറക്ടർ, വെബ് & ന്യൂ മീഡിയ ഡിവിഷൻ
   വിവര പൊതുജനസമ്പർക്ക വകുപ്പ് (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
9) കൃഷി (കൃഷി) വകുപ്പ്
10) ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ്
11) സഹകരണ (ബി) വകുപ്പ് 12) ധനകാര്യ വകുപ്പ്
13) റവന്യൂ (കെ/എസ്സ്) വകുപ്പ്
14) സെക്രട്ടറി, കാർഷിക കടാശ്വാസ കമ്മീഷൻ
15) ഓഫീസ് കോപ്പി 16) സ്റ്റോക്ക് ഫയൽ

ശരിപ്പകർപ്പ്

ഉത്തരവിൻ പ്രകാരം അയയ്ക്കുന്നത്

സെക്ഷൻ ഓഫീസർ